'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ല - ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) സെക്രട്ടറിയായിരുന്ന ശ്രീ. കെ.വി. ഹരിദാസ്, എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. സന്തോഷ് എ, സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. രാജേഷ് പി.കെ. എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1536/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/07/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 11.07.2013-ലെ ഇ13 (എസ്.സി./50/12/കെഎൻആർ) 27216/2012 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 07.02.2014-ലെ 9134/ഡി1/2013-വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 16.06.2014-ലെ 16528 ഇപിബി3 2014 തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. രാജേഷ് പി.കെ. ശ്രീ. കെ.വി. ഹരിദാസ് എന്നിവർ 05.09.2014-ലും ശ്രീ. സന്തോഷ് എ. 04.10.2014-ലും സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 15.03.2016-ലെ ഡി9-20775/2014 നമ്പർ കത്ത്

## ഉത്തരവ്

അനധികൃത നിർമ്മാണം സംബന്ധിച്ച പരാതിയിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി സൂചന (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് ശ്രീ. സന്തോഷ് എ, സെക്രട്ടറി ശ്രീ. കെ.വി. ഹരിദാസ്, സെക്ഷൻ ക്ലാർക്ക് ശ്രീ. രാജേഷ് പി.കെ, എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടം പഞ്ചായത്തുകൾക്ക് ബാധകമാക്കുന്നതിനു മുമ്പ് ശ്രീ. കീത്തേട്ടത്ത് മുഹമ്മദ് അഷ്റഫ് നിർമ്മിച്ച കെട്ടിട മുറികൾക്ക് താഴത്തെ നിലയിൽ SPV III 637 A2, 637 A3, 637 A4, 637 A5 എന്നിങ്ങനെ നാലു നമ്പറുകൾ അനുവദിച്ചിരുന്നുവെന്നും ഈ കെട്ടിടം പഞ്ചായത്ത് രാജ് ആക്ടിലെ 220(ബി) ചട്ടം അനുസരിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്നും മറ്റ് സെറ്റ് ബാക്കുകൾ അന്നു ബാധകമായിരുന്നില്ലെന്നും ഈ കെട്ടിടത്തിലെ SPV III 637 A2, 637 A4 നമ്പർ മുറികൾ ശ്രീ. ചെട്ടി വളപ്പിൽ നാരായണന് വിൽക്കുകയും ഇതിന്റെ ഉടമസ്ഥാവകാശം 03.08.2010-ൽ ടിയാന് മാറ്റി നൽകുകയും ചെയ്തിട്ടുണ്ടെന്നും ഈ കെട്ടിട മുറികൾക്ക് മുകളിലായി അനുമതിയില്ലാതെ നിർമ്മിച്ച മുറികൾക്ക് കെട്ടിട നമ്പറിനായി ശ്രീ. നാരായണൻ അപേക്ഷിച്ചെങ്കിലും സെക്രട്ടറി അപേക്ഷ നിരസിച്ചുവെന്നും തുടർന്ന് ശ്രീ. നാരായണൻ WP(C) 353 13 നമ്പരായി ബഹു. കേരള ഹൈക്കോടതിയെ

സമീപിക്കുകയും ഒരു പുതിയ അപേക്ഷ സെക്രട്ടറിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുവെന്നും ടിയാൻ അപേക്ഷ സമർപ്പിക്കുകയും 06.04.2013-ന് എ2-1806/13 നമ്പരായി അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകുകയും അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചു നീക്കാൻ നോട്ടീസ് നൽകുകയും ചെയ്യുവെന്നും. കൂടാതെ അനധികൃത നിർമ്മാണത്തിന് അൺ-ഓതറൈസ്ഡ് നമ്പർ (SPVIII 1, 2, 3, 4) അനുവദിക്കുകയും 12,520 - രൂപ കെട്ടിട നികുതി നിശ്ചയിച്ച് 15.10.2013-ൽ എ2-1860/13 നമ്പറായി നോട്ടീസ് നൽകുകയും ചെയ്യുവെന്നും തുടർന്ന് ടിയാൻ 1000/13 നമ്പറായി ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയുണ്ടായിയെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2010-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 16.01.2012-ൽ നിലവിൽ നമ്പറുള്ള മേൽ കെട്ടിടത്തിലെ മുറികൾക്ക് നമ്പർ അനുവദിച്ചുവെന്നും ഈ നമ്പർ പ്ലേറ്റുകൾ ഇളക്കിയെടുത്ത് ടിയാൻ അനധികൃതമായി നിർമ്മിച്ച മുറികൾക്ക് പതിക്കുകയുണ്ടായിയെന്നും ഇതു ബോധ്യപ്പെട്ട സെക്രട്ടറി അതുനീക്കം ചെയ്യാൻ വാർഡിന്റെ ചുമതലയുള്ള എൽ.ഡി. ക്ലാർക്ക് ശ്രീ. സന്തോഷിന് 22.10.2012-ന് നിർദ്ദേശം നൽകുകയും അതുപ്രകാരം പ്രസ്തുത നമ്പരുകൾ നീക്കം ചെയ്യുതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃതമായി നിർമ്മിച്ച മുറികൾക്ക് നമ്പർ അനുവദിക്കുകയോ ഓണർഷിപ്പ് നൽകുകയോ ചെയ്തിട്ടില്ലെന്നും ടിയാൻ നിലവിലുള്ള വൈദ്യുതി മീറ്ററിൽ നിന്നും അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് വൈദ്യുതി മോഷണം നടത്തുകയാണ് ചെയ്യുതെന്നും അത് ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് 08.11.2012-ൽ എ2-9124/12 നമ്പറായി അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ശ്രീകണ്ഠപുരം സെക്ഷന് കണക്ഷൻ വിഛേദിക്കാൻ കത്ത് നൽകുകയുണ്ടായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത കെട്ടിട മുറികളിലെ കച്ചവടക്കാർക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും ലൈസൻസ് കൂടാതെ അനധികൃതമായി കച്ചവടം നടത്തിയവർക്ക് 09.11.2012-ന് ബി-4-9124/14 നമ്പറായി നോട്ടീസ് നൽകുകയും 1000/- രൂപ പിഴയിനത്തിൽ 10.12.2012-ൽ ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും 22.10.2012-ൽ 9/12 നമ്പരായി അനധികൃതമായി നിർമ്മിച്ച ശ്രീ. കീത്തേടത്ത് മുഹമ്മദ് അഷ്റഫ് എന്നവരുടെ കെട്ടിടത്തിനു പതിച്ച XVII-ാം (പഴയ VIII) വാർഡിലെ 1200 മുതൽ 1206 വരെയുള്ള നമ്പരുകൾ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാൻ എൽ.ഡി. ക്ലാർക്ക് ശ്രീ. സന്തോഷിനോട് നിർദ്ദേശിക്കുകയുണ്ടായിയെന്നും അതുപ്രകാരം ശ്രീ. സന്തോഷ് ഈ നമ്പറുകൾ നീക്കം ചെയ്യുകയും അത് രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ അധികാരികൾ സ്വീകരിച്ച നടപടികൾ തദ്ദേശ സ്വയംഭരണങ്ങൾക്കായിട്ടുള്ള ട്രിബ്യൂണൽ സ്റ്റേ ചെയ്തിരിക്കുകയാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ജീവനക്കാരും മേൽ വിഷയത്തിൽ യഥാസമയം നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാലും ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് 01.11.2012 പ്രാബല്യത്തിൽ നഗരസഭയായി പരിവർത്തനപ്പെടുത്തിയിട്ടുള്ളതിനാലും ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) സെക്രട്ടറിയായിരുന്ന ശ്രീ. കെ.വി. ഹരിദാസ്, എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. സന്തോഷ് എ, സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. രാജേഷ് പി.കെ. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക്, ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ)

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. സെക്രട്ടറി, ശ്രീകണ്ഠപുരം നഗരസഭ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്ക് നം.വിജി.ഡി1 787 2018 വിജി. തീയതി 02.08.2018പ്രകാരം)

9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3 163 2018 തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ